"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.ആശാകുമാരി എം.പി യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(സാധാ) നം.293/2024/TAXES തീയതി,തിരുവനന്തപുരം, 21-03-2024

---

പരാമർശം:-

1. ശ്രീമതി.ആശാകുമാരി എം.പി യുടെ 24.09.2021 ലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 31.10.2023 ലെ (എൽ.ഡിസ്) എം.ആർ1-52039/2022/ആ.വ.ഡ നമ്പർ കത്ത്.
3. എക്സൈസ് കമ്മീഷണറുടെ 17.03.2022,23.11.2023 എന്നീ തീയതികളിലെ ഇ.എക്സ്.സി/4892/2021-എക്സ്.ഇ 6 നമ്പർ കത്തുകൾ.

**ഉത്തരവ്**

മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.ആശാകുമാരി എം.പി വീടിന്റെ ടെറസ്സിൽ നിന്നും കാൽവഴുതി വീണതിനെ തുടർന്ന് ഗുരുതരമായി പരിക്കേറ്റതിനെത്തുടർന്നുണ്ടായ ചികിത്സയ്ക്ക് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ 20.06.2021 മുതൽ 16.08.2021 വരെ ചെലവായ തുക മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റായി അനുവദിക്കുന്നതിനായുള്ള അപേക്ഷ പരാമർശം (3) പ്രകാരം എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയിന്മേൽ 83,618/-രൂപ അനുവദനീയമാണെന്ന് പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീമതി.ആശാകുമാരി എം.പി യ്ക്ക് , 20.06.2021 മുതൽ 16.08.2021 വരെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ, ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ച

തുകയായ 83,618/-രൂപയുടെ 80 ശതമാനമായ 66,894/- രൂപ (അറുപത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം),ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് 1960 ലെ കേരള ഗവൺമെന്റ് സെർവെന്റ്സ് മെഡിക്കൽ അറ്റന്റൻസ് റൂളിലെ നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തി,പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.(ബില്ലുകളും അനുബന്ധരേഖകളും സഹിതം).

2.ശ്രീമതി.ആശാകുമാരി എം.പി,കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്,മദ്ധ്യമേഖല ജോയിന്റ് എക്സൈസ് കമ്മീഷണറുടെ ഓഫീസ് (എക്സൈസ് കമ്മീഷണർ മുഖേന).

3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് , ഇ.ആർ.എസ് .എ ), കേരളം, തിരുവനന്തപുരം.

4.ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.(ജി 2/492/2022/H&FWD തീയതി 23.07.2022)

5.ധനകാര്യ വകുപ്പ് (ഇ -2696514- എൽ 4/51/2024/ധന തീയതി 07.03.2024).

6.വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

7.കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese V A
Date: 22-03-2024 09:10:30
സെക്ഷൻ ഓഫീസർ